നം. എ2/1186/2021/റ്റിബിഒ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം റോഡ്,
ഫോർട്ട്. പി.ഒ, തിരുവനന്തപുരം-23,
തീയതി : 27/05/2022 ഫോൺ നം. 0471 2450027
tbo.dge@kerala.gov.in

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2022-23 വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അധിക പാഠപുസ്തകങ്ങളുടെ ഇൻഡന്റ് KITE [Kerala Infrastructure and Technology for Education (IT@School)] വെബ്സൈറ്റിൽ ഓൺലൈനായി നൽകുന്നത് സംബന്ധിച്ച്.

സൂചന:-
1. സർക്കാർ ഉത്തരവ് നം.(സാ.ധാ) നം.4622/2021/പൊ.വി.വ തീയതി. 15.10.2021.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2022.ലെ ഇതേ നമ്പർ സർക്കുലർ

**മേൽ സൂചന സർക്കുലറിലേയ്ക്ക് താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ടി സർക്കുലറിലെ നാലാം ഖണ്ഡിക പ്രകാരം 2022-23** അദ്ധ്യയന വർഷത്തെ ആറാം സാദ്ധ്യായ ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിയിട്ടുള്ള ഇൻഡന്റിനെക്കാൾ കൂടുതൽ പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ അതനുസരിച്ച് ഇൻഡന്റ് ക്രമീകരിക്കുന്നതിനായി **2022 ജൂൺ മാസം അവസരം നൽകുമെന്നറിയിച്ചിരുന്നു. അതുപ്രകാരം 2021-22 അദ്ധ്യയന വർഷത്തെക്കാൾ കൂടുതലായി പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ് & എയ്ഡഡ്) ഓരോ ക്ലാസ്സിലും 2022-23 വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്** KITE (Kerala Infrastructure and Technology for Education (IT@School)) - ന്റെ വെബ്സൈറ്റിൽ അവസരം ഒരുക്കുന്നു.

1. 2022-23.ലേയ്ക്ക് പുതുതായി ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് (ന്യൂ അഡ്മിഷൻ) ആവശ്യമുള്ള കൂടുതൽ പാഠപുസ്തകങ്ങൾ ആവശ്യമനുസരിച്ച് ഇൻഡന്റ് ചെയ്യുവാനുള്ള അവസരം KITE (Kerala Infrastructure and Technology for Education (IT@School))-ന്റെ വെബ്സൈറ്റിൽ ഒരുക്കിയിരിക്കുന്നു.
2. ഇൻഡന്റ് ചെയ്യുവാൻ **2022 ജൂൺ 10 മുതൽ 15 വരെ സമയം നൽകുന്നതാണ്.** ഈ സമയത്തിനുള്ളിൽ അതാത് സ്കൂളധികൃതർ www.kite.kerala.gov.in എന്ന വെബ്സൈറ്റിലെ Services എന്ന മെനുവിൽ നിന്നും Text Book Supply Monitoring System 2022-23 എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടത്. മുൻ സർക്കുലർ പ്രകാരം ഇൻഡന്റ് ചെയ്ത പേജിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. **ആയതിനാൽ ഇപ്പോൾ ആവശ്യമുള്ള പാഠപുസ്തകങ്ങൾ മാത്രം ഇൻഡന്റ് ചെയ്യുവാനാണ് ക്രമീകരിച്ചിരിക്കുന്നത്.**

3. ലോഗിൻ ചെയ്തതിനു ശേഷം ഹോം പേജിൽ ലഭ്യമായിട്ടുള്ള **“Additional text book indent”** എന്ന **icon** ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ ക്ലാസ് സെലക്ട് ചെയത് അധികമായി ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം അതാത് ടൈറ്റിലുകൾക്ക് നേരെ ലഭ്യമായിട്ടുള്ള ബോക്സിൽ രേഖപ്പെടുത്തേണ്ടതാണ്.

4. ഇൻഡന്റ് അപ്‌ലോഡ് ചെയ്ത് Confirm ചെയ്തതിന് ശേഷമുള്ള പകർപ്പ് അതാത് പ്രധനാദ്ധ്യാപകൻ എടുത്ത് ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതാണ്.

5. ഇൻഡന്റ് Confirm ചെയ്തതിന് ശേഷം അതിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ സാധിക്കുകയില്ല. അതിനാൽ വളരെ ശ്രദ്ധയോടുകൂടി ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത തിയതിയ്ക്കു ശേഷം യാതൊരു കാരണവശാലും വെബ്സൈറ്റ് ഇൻഡന്റ് ചെയ്യുന്നതിനായി തുറന്നുതരുന്നതല്ല.

6. ടി നിശ്ചിത സമയത്തിനകം ഇൻഡന്റ് ചെയ്യേണ്ടത് സ്കൂളധികൃതരുടെ ഉത്തരവാദിത്വമാണ്. യഥാസമയം ഇൻഡന്റ് ചെയ്യാതിരിക്കുന്ന പ്രഥമാദ്ധ്യാപകർക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.

7. അംഗീകാരമുള്ള അൺ-എയിഡഡ്/സി.ബി.എസ്.ഇ. നവോദയ സ്കൂളുകൾക്കും ടി ആവശ്യമായ പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് നൽകാവുന്നതാണ്.

8. നിശ്ചിത സമയത്തിനകം ഇൻഡന്റ് ലഭിച്ചാൽ മാത്രമേ ജൂൺ 20.നകം ആവശ്യമായ അധിക പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചു നൽകുവാൻ സാധിക്കുകയുള്ളു എന്നുകൂടി അറിയിക്കുന്നു.

**അഡീഷണൽ ഇൻഡന്റ് 2022 ജൂൺ 10 മുതൽ 15 വരെ മാത്രം**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

താങ്കളുടെ അധികാരാതിർത്തിയിലുള്ള എല്ലാ പ്രഥമാധ്യാപകർക്കും (അംഗീകാരമുള്ള അൺഎയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ അടക്കം) സർക്കുലർ അയച്ചു കൊടുക്കേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും കാരണവശാൽ പ്രധാനാദ്ധ്യാപകൻ/ പ്രിൻസിപ്പാൾ ഇൻഡന്റിഗ് സമയത്ത് ലീവ് ആണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന സമയബന്ധിതമായി ഇൻഡന്റിംഗ് നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.